KSACS

**Kerala State AIDS Control Society**
Red Cross Road
Thiruvananthapuram - 695035
www.ksacs.in

Phone: +91 471 2304882,2304704,2303763, Fax: +91 471 2305183 email: keralasacs@gmail.com

08-12-2009

# കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി വെബ്സൈറ്റിന് ഇ ഗവേണൻസ് അവാർഡ്

തിരുവനന്തപുരം: കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ വെബ്സൈറ്റായ www.ksacs.in സംസ്ഥാന സർക്കാരിന്റെ ഇ ഗവേണൻസ് അവാർഡിന്റെ വെബ്സൈറ്റ് വിഭാഗത്തിൽ മൂന്നാം സ്ഥാനത്തിന് അർഹമായി. തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദനിൽ നിന്ന് എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ബോധവത്കരണ വിഭാഗം ജോയിന്റ് ഡയറക്ടർ എസ്. അജയ്കുമാർ അവാർഡ് ഏറ്റുവാങ്ങി. ആരോഗ്യമേഖലയിൽ നിന്ന് അവാർഡിന് അർഹമായിട്ടുള്ളത് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി മാത്രമാണ്.

2006 ലാണ് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ഔദ്യോഗിക വെബ്സൈറ്റായ www.ksacs.in നിലവിൽ വന്നത്. എച്ച്ഐവിക്കും എയ്ഡ്സിനുമെതിരെ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി നടത്തുന്ന പ്രചാരണ പ്രവർത്തനങ്ങൾ പൊതുജനങ്ങളെയും ലക്ഷ്യജനവിഭാഗങ്ങളെയും അറിയിക്കുക എന്നതായിരുന്നു വെബ്സൈറ്റിന്റെ ലക്ഷ്യമായി ഉദ്ദേശിച്ചിരുന്നത്. ഈ രംഗത്ത് എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി നടത്തി വരുന്ന പ്രവർത്തനങ്ങളേക്കുറിച്ചുള്ള വിവരങ്ങൾ അറിയാനും അറിയിക്കാനുമുള്ള ഉപാധിയായിരുന്നു ഈ വെബ്സൈറ്റ്.

എന്നാൽ വെറും മൂന്നു വർഷത്തിനുള്ളിൽ വെബ്സൈറ്റിന്റെ ഉള്ളടക്കത്തിലും ഉദ്ദേശ്യലക്ഷ്യങ്ങളിലും കാര്യമായ മാറ്റങ്ങൾ വന്നു. ഇന്നിപ്പോൾ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ മുതൽ എച്ച്ഐവി അണുബാധിതർക്കും പൊതുജനങ്ങൾക്കും ഓൺലൈനായി ആശയവിനിമയം നടത്തുന്നതിനുള്ള അവസരം വരെ ഈ വെബ്സൈറ്റ് ഒരുക്കുന്നു. ചുരുക്കി പറഞ്ഞാൽ എച്ച്ഐവിയേക്കുറിച്ചുള്ള എന്തു വിവരവും അറിയുന്നതിനും ഏതു സംശയവും ദൂരീകരിക്കുന്നതിനും വെബ്സൈറ്റ് വഴികാട്ടിയാണ്. ഇന്ന് ഇന്ത്യയിലെ സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റികളുടെ വെബ്സൈറ്റുകളിൽ ഏറ്റവും മികച്ചത് എന്ന പേരു നേടാൻ www.ksacs.in നു കഴിഞ്ഞിട്ടുണ്ട്.

എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ വിവിധ സേവനകേന്ദ്രങ്ങളിൽ നിന്നു ലഭ്യമാകുന്ന സേവനങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾക്കു പുറമെ, എവിടെയെല്ലാം ഈ സേവനങ്ങൾ ലഭ്യമാണെന്നും സൈറ്റിൽ നിന്ന് അറിയാം. വിശദാംശങ്ങൾ കൃത്യമായി പുതുക്കിക്കൊണ്ടിരിക്കുന്നു എന്നതും ഈ സൈറ്റിന്റെ പ്രത്യേകതയാണ്. എളുപ്പത്തിൽ കൈകാര്യം ചെയ്യാൻ കഴിയുന്ന രീതിയിൽ തയാറാക്കിയിരിക്കുന്ന സൈറ്റിൽ ആശയവിനിമയത്തിനുള്ള സൗകര്യമാണ് ഏറ്റവും ആകർഷണീയം. എച്ച്ഐവിയെക്കുറിച്ചുള്ള വ്യക്തമായ ധാരണ സൃഷ്ടിക്കുന്നതിനൊപ്പം ഓരോ വ്യക്തിക്കും എച്ച്ഐവി സാധ്യതയുണ്ടോ എന്ന് സൈറ്റിൽ നിന്ന് മനസിലാക്കാം. സംശയങ്ങൾ ഓൺലൈനായി വിദഗ്ധരോട് ചോദിക്കുന്നതിനുള്ള സംവിധാനവും സൈറ്റിലുണ്ട്. കൂടാതെ ഓൺലൈനായി കൗൺസലിംഗിനുള്ള സൗകര്യവും ഒരുക്കിയിരിക്കുന്നു.

എച്ച്ഐവിയെപ്പോലെ സങ്കീർണമായ ഒരു പ്രശ്നത്തിൽ തുറന്ന ആശയവിനിമയത്തിന് പലപ്പോഴും നല്ലൊരു ശതമാനം ആൾക്കാരും തയാറല്ലെന്നുള്ളത് കേരളീയ സമൂഹത്തിൽ ഇന്നും നിലനിൽക്കുന്ന ഒരു അവസ്ഥയാണ്. അങ്ങനെയുള്ളവർക്ക് തങ്ങളുടെ പേരുവിവരങ്ങൾ വെളിപ്പെടുത്താതെ തികച്ചും സ്വകാര്യതയോടെ കാര്യങ്ങൾ മനസിലാക്കുവാനും പ്രശ്നപരിഹാരത്തിനും ഈ വെബ്സൈറ്റ് അവസരമൊരുക്കുന്നു എന്നുള്ളതാണ് ഏറ്റവും വലിയ പ്രത്യേകത.

ഏറ്റവും പുതിയ വിവരങ്ങളും സംഭവവികാസങ്ങളും അപ്പപ്പോൾ തികഞ്ഞ ജാഗ്രതയോടെ ജനങ്ങളിലേക്കെത്തിച്ചു എച്ച്ഐവി, എയ്ഡ്സ് ബോധവത്കരണ രംഗത്തും നിയന്ത്രണ മേഖലയിലും ഫലപ്രദമായി പ്രവർത്തിക്കുന്ന ഒരു ഉപകരണമായി www.ksacs.in മാറിക്കഴിഞ്ഞു. തിരുവനന്തപുരത്തെ ഇൻവിസ് മൾട്ടിമീഡിയ ആണ് വെബ്സൈറ്റ് തയാറാക്കിയിട്ടുള്ളത്.

*ഈ കുറിപ്പ് താങ്കളുടെ വാർത്തകളിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.*

സ്നേഹാദരങ്ങളോടെ

**ജോയിന്റ് ഡയറക്ടർ (ബോധവത്കരണം)**